# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6356** 08/11/2016-ന് മറുപടിക്ക്

## മറ്റു ജില്ലകളിലേക്കുള്ള സ്ഥലംമാറ്റം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| സംസ്ഥാന സിവിൽ സർവ്വീസിൽ നിലവിൽ എൽ.ഡി.സി. തസ്തികയിൽ നിന്ന് യു.ഡി.സി. ആയും ഗ്രേഡ് രണ്ട് തസ്തികയിൽ നിന്ന് ഗ്രേഡ് ഒന്ന് തസ്തികയിലേയ്ക്കും പ്രൊമോഷൻ ലഭിക്കുമ്പോൾ സീനിയോറിറ്റി നഷ്ടപ്പെടാതെ മറ്റു ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ? | എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ സംസ്ഥാന തലത്തിൽ നടത്തുന്ന വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളുടെ അനുപാതം അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ട് തന്നെ എൽ.ഡി.ക്ലാർക്കുമാരെയും യു.ഡി.ക്ലാർക്കുമാരെയും ഗ്രേഡ് കണക്കിലെടുക്കാതെ ക്ലാർക്ക് തസ്തികയിൽ സ്ഥലം മാറ്റം നടത്താവുന്നതാണെന്നും എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളിലേക്കുള്ള പ്രൊമോഷൻ ജില്ലാതലത്തിൽ നടത്തുന്ന വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളുടെ അനുപാതം നിശ്ചയിക്കുന്നതിനായി ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണെന്നും 16.03.1989 ലെ G.O(P)No.5/89/P&ARD പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ഒന്നിൽ അധികം ഗ്രേഡ് ഉള്ള തസ്തികകളിലെ ജീവനക്കാരെ സംബന്ധിച്ച് താഴ്ന്ന ഗ്രേഡിൽ നിന്നും ഉയർന്ന ഗ്രേഡിലേക്കുള്ള പ്രൊമോഷൻ സംസ്ഥാനതലത്തിൽ നടത്തുന്ന വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിനെ ഒറ്റ യൂണിറ്റാക്കി കണക്കാക്കി, വ്യത്യസ്ത ഗ്രേഡുകളുടെ അനുപാതം അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ട് വ്യത്യസ്ത ഗ്രേഡുകളിലെ ജോലിയുടെ സ്വഭാവം ഒന്നു തന്നെയാണെങ്കിൽ അത്തരം ജീവനക്കാരെ ഗ്രേഡ് കണക്കിലെടുക്കാതെ സ്ഥലംമാറ്റം നടത്തുന്നതാണെന്നും, പ്രൊമോഷന്റെ കാര്യത്തിൽ ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്ന വകുപ്പുകളിൽ നിയമനവും സ്ഥലംമാറ്റവും നടത്തുന്നതിനും, താഴ്ന്ന ഗ്രേഡും ഉയർന്ന ഗ്രേഡും തമ്മിലുള്ള അനുപാതം നിശ്ചയിക്കുന്നതിനും, ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണെന്നും 7.1.1991 ലെ G.O(P)No.1/91/P&ARD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് ഭേദഗതികൾ വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ